II ഇ.ബി. XIII-കേരള നിയമസഭ/XII-4

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 4, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9 (*91) ലൈറ്റ് മെട്രോ പദ്ധതി

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, മോണോ റെയിൽ പദ്ധതിക്കായി ഒന്നിൽ കൂടുതൽ ടെണ്ടർ ലഭിക്കാതെ വരികയും സമർപ്പിക്കപ്പെട്ട ഏക ടെണ്ടറിൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് അടങ്കൽ തുകയെക്കാൾ ഭീമമായ തുക രേഖപ്പെടുത്തുകയും ചെയ്തതിനാൽ പ്രസ്തുത പദ്ധതിക്ക് പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി

മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം അംഗീകരിക്കുകയും ചെയ്തതായി സഭയെ അറിയിച്ചു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ടേൺ-കീ കൺസൽട്ടന്റായി നിയമിക്കാനും കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്ത് പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മോണോ റെയിൽ പദ്ധതിയുടെ അലൈൻമെന്റിൽ വ്യത്യാസം വരുത്താതെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. മോണോ റെയിലിനുവേണ്ടി നടത്തിയ പ്രാരംഭ പ്രവർത്തനങ്ങളെല്ലാംതന്നെ ലൈറ്റ് മെട്രോയിൽ ഉപയോഗിക്കാൻ സാധിക്കുമെന്നുള്ളതിനാൽ ചെലവഴിച്ച തുക പാഴായിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മോണോ റെയിൽ പദ്ധതിക്ക് ഏർപ്പെടുത്തിയിരുന്ന ഡയറക്ട് പർച്ചേസ് നിബന്ധനകൾ ലൈറ്റ് മെട്രോ പദ്ധതിക്ക് ബാധകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ലൈറ്റ് മെട്രോ നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽ സാങ്കേതിക വിദഗ്ധരെയും ഉന്നത ഉദ്യോഗസ്ഥരെയും അയച്ച്

വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലും മാത്രമേ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുള്ളുവെന്നും കേന്ദ്ര ഗവൺമെന്റ് ലൈറ്റ് മെട്രോ, മോണോ റെയിൽ പദ്ധതികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ ബോഗികളിലും എഞ്ചിൻ ഘടിപ്പിക്കുകയും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ ലൈറ്റ് മെട്രോ പ്രായോഗികമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. 2015-ൽ പണി ആരംഭിച്ച് 2020-ൽ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചതിനുശേഷം തിരുവനന്തപുരത്ത് കരമന മുതൽ നെയ്യാറ്റിൻകര വരെയും കോഴിക്കോട്ട് മീഞ്ചന്ത മുതൽ രാമനാട്ടുകര വരെയും രണ്ടാംഘട്ടമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് 20% വയബിലിറ്റി ഗ്യാപ്പ് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്; സംസ്ഥാന ഗവൺമെന്റ് 20% വയബലിറ്റി ഗ്യാപ്പും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും വഹിക്കണമെന്ന് നിബന്ധനയുണ്ട്. ഇതുസംബന്ധിച്ച് കോംപ്രിഹെൻസീവ് മൊബിലിറ്റി സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ടെന്നും ലൈറ്റ് മെട്രോയുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഡോ. ഇ. ശ്രീധരന്റെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട

ജനപ്രതിനിധികളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഗ്ലോബൽ ടെണ്ടറിലൂടെ മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളുവെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

10 (*92) <u>ദേശീയപാത വികസനം</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽനിന്നും 45 മീറ്ററായി നിജപ്പെടുത്താമെന്ന് ദേശീയപാത വികസന അതോറിറ്റി സമ്മതിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എന്നാൽ വിവിധ കാരണങ്ങളാൽ സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ വീതി 30 മീറ്ററായി ഇളവ് ചെയ്യണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം അപകടരഹിതവും സുഗമവുമായ യാത്രാസൗകര്യം മുൻനിർത്തി കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് സർവ്വകക്ഷിയോഗ തീരുമാനപ്രകാരം 45 മീറ്ററിൽതന്നെ വികസിപ്പിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. സ്ഥലമെടുപ്പ് പ്രക്രിയ അനിശ്ചിതമായി നീണ്ടുപോയ സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി

മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയപാത വികസനത്തിൽനിന്നും അതോറിറ്റി പിൻവാങ്ങുകയുണ്ടായി. തുടർന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ നിർദ്ദേശ പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽതന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80 ശതമാനം ഏറ്റെടുത്ത് ദേശീയപാത അതോറിറ്റിക്ക് കൈമാറുന്നതിനും തീരുമാനിക്കുകയും ദേശീയപാത വികസനത്തിൽനിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.47-ലും എൻ.എച്ച്.17-ലുമായി അവശേഷിക്കുന്ന 636.10 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഏകദേശം 1329.15 ഹെക്ടർ (3284 ഏക്കർ) ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ (CALA) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നതെന്നും സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജിലെ വ്യവസ്ഥകൾകൂടി പരിഗണിച്ച് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി

അറിയിച്ചു. തർക്കങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ അലൈൻമെന്റ് പുന:പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തിരക്കുള്ള നഗരപ്രദേശങ്ങൾ ഒഴിവാക്കി ജനസാന്ദ്രതയും കച്ചവടസ്ഥാപനങ്ങളും കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തി ദേശീയപാത വികസിപ്പിക്കണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും സമർപ്പിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുത്തിട്ട് നഷ്ടപരിഹാരം നൽകാത്ത കേസുകളിൽ പ്രത്യേകം ഇടപെടുകയും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നതാണ്. സംസ്ഥാന ഗവൺമെന്റ് 300 കോടി രൂപ ചെലവിൽ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മണ്ണുത്തി-വാളയാർ ബൈപ്പാസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി മറുപടി നൽകി.

11 (*93 & *101) <u>സപ്ലൈകോ ഷോപ്പുകളിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി മട്ട അരി, ജയ അരി, കുറുവ അരി ഉൾപ്പെടെ 13 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണി വിലയെക്കാൾ 20% മുതൽ 35% വരെ താഴ്ത്തി വില്പന നടത്തിവരുന്നതായി സഭയെ അറിയിച്ചു. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങൾ 15% വരെ വിലകുറച്ചും ശബരി ഉല്പന്നങ്ങൾ 20% വരെ വിലകുറച്ചും സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ പൊതുവിപണി വിലയെക്കാൾ 10% വരെ വിലകറച്ചുമാണ് വില്പന നടത്തിവരുന്നത്. കൂടുതൽ വില്പനശാലകളും ആദിവാസി/തീരദേശ മേഖലകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ആരംഭിച്ചും മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് മാനേജർമാർക്ക് പ്രത്യേക പരിശീലനം നൽകിയും സ്ഥലപരിമിതിയും കൂടുതൽ വിറ്റുവരവുമുള്ള മാവേലി സ്റ്റോറുകൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കിയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അവശ്യസാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വില്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചുകൊണ്ട് ദുരുപയോഗ സാധ്യത ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുന്നതിനായി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും മാവേലി സ്റ്റോർ/സൂപ്പർമാർക്കറ്റ് തലത്തിൽ ഔട്ട്‌ലെറ്റ് ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടെന്നും ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1053 മുതൽ 1463 വരെയുള്ള ചോദ്യങ്ങളിൽ 113 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)